പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2022 **26-10-2026-ൽ മറുപടിയ്ക്ക്**

വിദേശ നിക്ഷേപമുള്ള സ്വകാര്യ ആശുപത്രികളിലെ ചികിത്സാ നിരക്ക്

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. സജി ചെറിയാൻ ശ്രീ. കെ. മുരളീധരൻ
(ആരോഗ്യ - ദേവസ്വം വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്ത് വിദേശ നിക്ഷേപമുള്ള സ്വകാര്യ ആശുപത്രികൾ ഉണ്ടോ എന്ന് വ്യക്തമാക്കുമോ;

മറുപടി: സംസ്ഥാനത്ത് വിദേശ നിക്ഷേപമുള്ള സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ എത്ര ആശുപത്രികൾ വിദേശ നിക്ഷേപം സ്വീകരിച്ചു, എത്ര ശതമാനം സ്വീകരിച്ചു, ഏതെല്ലാം വിദേശ കമ്പനികളിൽ നിന്നാണ് എന്ന വിവരം ആരോഗ്യ വകുപ്പിൽ ലഭ്യമല്ല. പ്രസ്തുത വിവരം ശേഖരിക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

(ബി) വിദേശ നിക്ഷേപമുള്ള ആശുപത്രികളിലെ ചികിത്സാ നിരക്ക് നിശ്ചയിച്ച് നൽകിയിട്ടുണ്ടോ എന്ന് വിശദീകരിക്കുമോ;

മറുപടി: സംസ്ഥാനത്ത് വിദേശ നിക്ഷേപമുള്ള സ്വകാര്യ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ട്. എന്നാൽ എത്ര ആശുപത്രികൾ വിദേശ നിക്ഷേപം സ്വീകരിച്ചു, എത്ര ശതമാനം സ്വീകരിച്ചു, ഏതെല്ലാം വിദേശ കമ്പനികളിൽ നിന്നാണ് എന്ന വിവരം ആരോഗ്യ വകുപ്പിൽ ലഭ്യമല്ല. പ്രസ്തുത വിവരം ശേഖരിക്കുന്നതിന് ആരോഗ്യ വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

(സി) സ്വകാര്യ ആശുപത്രികളിലെ ചികിത്സ നിരക്ക് ഏകീകരിച്ച് നൽകുന്ന കാര്യം സർക്കാർ ആലോചിക്കുമോ?

മറുപടി: 2018-ലെ കേരള ക്ലിനിക്കൽ എസ്റ്റാബ്ലിഷ്മെന്റ്സ് (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ട് 2018 സെക്ഷൻ 39 (2) പ്രകാരം ഓരോ ക്ലിനിക്കൽ സ്ഥാപനവും, അവിടെ നൽകി വരുന്ന ഓരോ തരത്തിലുള്ള സേവനങ്ങൾക്കും ലഭ്യമായ സൗകര്യങ്ങൾക്കും ഈടാക്കുന്ന ഫീസ് നിരക്കും പാക്കേജ് നിരക്കും രോഗികളുടെ അറിവിലേക്കായി ആ ക്ലിനിക്കൽ സ്ഥാപനത്തിലെ ശ്രദ്ധിക്കപ്പെടുന്ന ഒരു സ്ഥലത്ത് മലയാളത്തിലും അതുപോലെ ഇംഗ്ലീഷിലും പ്രദർശിപ്പിക്കേണ്ടതാണ് എന്ന് നിഷ്കർഷിച്ചിട്ടുണ്ട്.

ചികിത്സാ നിരക്ക് നിർണ്ണയിക്കുന്നത് 2018 ലെ കേരള ക്ലിനിക്കൽ സ്ഥാപനങ്ങൾ (രജിസ്ട്രേഷനും നിയന്ത്രണവും) ആക്ടിന്റെ പരിധിയിൽ വരുന്നതല്ല. 30.12.2025 ലെ സ.ഉ(സാധാ) നം. 4008/2025/ ആ.കു.വ പ്രകാരം സംസ്ഥാനത്തെ ആശുപത്രികളിലെ ചികിത്സാ നിരക്കുകൾ നിശ്ചയിക്കുന്നതിന് ഏകീകൃത സംവിധാനം ഏർപ്പെടുത്തുന്നതിന്റെ സാധ്യത പരിശോധിക്കുന്നതിനായി, ഒരു വിദഗ്ധ സമിതിയെ സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ ആശുപത്രികളിലെ ഉയർന്ന ചികിത്സാ

ചെലവുകൾ പരിശോധിക്കുന്നതിനും ആരോഗ്യ പരിചരണ സേവനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുനന്നതിനുമായി റിപ്പോർട്ട് സമർപ്പിക്കുന്നതിന് ഒരു സമിതി രൂപീകരിക്കുന്ന കാര്യത്തിൽ നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ